# Malayala Manorama

# 19 August 2018

# Chengannur, Flood, Flood Victims, Relief Camp

## ദുരിതാശ്വാസ ക്യാംപുകൾ നിറഞ്ഞു; കുടുങ്ങിയവർ ഇനിയെത്ര എന്നറിയാതെ നാട്

## കുടുങ്ങിക്കിടക്കുന്നവർ സുരക്ഷിതരെന്ന് അധികൃതർ

**മനോരമ ലേഖകൻ**

ചെങ്ങന്നൂർ ● ജലത്തിന്റെ ജയിലിലാണു ചെങ്ങന്നൂർ ഇപ്പോഴും. ആശങ്ക ഒഴിഞ്ഞിട്ടില്ല. ഇന്നലെ കണ്ടെത്തിയതു പത്തു മൃതദേഹങ്ങൾ.

വെള്ളപ്പൊക്കത്തിൽ കുടുങ്ങിപ്പോയ കൂടുതൽപ്പേരെ പുറത്തെത്തിക്കാനായതിന്റെ ആശ്വാസം പങ്കുവയ്ക്കുമ്പോഴും നാലു ദിവസത്തിനു മുകളിലായി വീടുകൾക്കുള്ളിൽ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നവരെക്കുറിച്ചുള്ള ആശങ്കയും നിറയുന്നു. ഇപ്പോൾ കുടുങ്ങിക്കിടക്കുന്നവർ സുരക്ഷിതരാണെന്ന് അധികൃതർ അറിയിച്ചു. ഹെലികോപ്റ്ററുകൾ വഴി ഭക്ഷണമെത്തിക്കുന്നുണ്ടെന്നും അധികൃതർ വിശദീകരിച്ചു.

ഇന്നലെ മഴ മാറിനിന്നതും വെള്ളം കുറച്ച് ഇറങ്ങിയതും ആശ്വാസമായി. ചെങ്ങന്നൂർ ടൗണിൽ നിന്നു വെള്ളമിറങ്ങിയതും നാട്ടുകാർക്കു പ്രതീക്ഷ പകർന്നു. എന്നാൽ പമ്പാ നദിയിലെ കക്കി ഡാമിന്റെ ഷട്ടറുകൾ അൽപം കൂടി ഉയർത്തുന്നുവെന്ന മുന്നറിയിപ്പ് ആശങ്ക സൃഷ്ടിക്കുന്നുണ്ട്. കൂടുതൽപ്പേർ ദുരിതാശ്വാസ ക്യാംപുകളിലേക്ക് എത്തിയതോടെ അവിടങ്ങളും നിറഞ്ഞു കവിഞ്ഞു.

മന്ത്രി ജി. സുധാകരൻ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ ചെങ്ങന്നൂരിലെത്തി. വ്യോമസേനയുടെ രക്ഷാ ദൗത്യം ഏകോപിപ്പിക്കാൻ മലയാളി സ്ക്വാഡ്രൻ ലീഡർ അനീഷ വി. തോമസും ചെങ്ങന്നൂരെത്തി. വ്യോമസേനയുടെ, വെള്ളത്തിലും കരയിലും ഒരുപോലെ പ്രവർത്തിക്കുന്ന, ഗരുഡ് കമാൻഡോ സംഘവും വൈകിട്ടോടെ ചെങ്ങന്നൂരിലെത്തി. ഇവരുടെ സേവനത്തിലൂടെ കൂടുതൽപ്പേരെ പുറത്തെത്തിക്കാനാകും എന്നാണു കരുതുന്നത്.

തെറ്റായ ഒട്ടേറെ സന്ദേശങ്ങൾ അധികൃതരുടെ പ്രവർത്തനത്തെയും ബാധിച്ചു. മൊബൈൽ നെറ്റ്‌വർക്കുകളും വൈദ്യുതിയും പുനഃസ്ഥാപിക്കാനാകാത്തതു പ്രദേശത്ത് ഇപ്പോഴും പ്രതിസന്ധി സൃഷ്ടിക്കുന്നു. എന്നാൽ എംസി റോഡിലെ വെള്ളത്തിന്റെ അളവിൽ കുറവു വന്നതു മറ്റു പ്രദേശങ്ങളുമായി ചെങ്ങന്നൂരിനെ ബന്ധിപ്പിക്കാൻ സഹായമായി. കല്ലിശേരി, മുളക്കുഴ ഭാഗങ്ങളിൽ വെള്ളമുണ്ടെങ്കിലും വലിയ വാഹനങ്ങൾക്കു കടന്നു പോകാൻ കഴിയും.

ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിൽ ഏകദേശം മുഴുവൻ പേരും ക്യാംപുകളിലാണ് ഇപ്പോൾ. അച്ചൻകോവിലാറ്റിൽ നിന്നുള്ള വെള്ളം കൂടിയതിനെത്തുടർന്നു ചെറിയനാട്, ആല പഞ്ചായത്തുകളുടെ അതിർത്തിയായ കോടുകുളഞ്ഞി ഷാപ്പ്പടി പ്രദേശം വെള്ളത്തിലായി. ഇവിടെ കൂടുതൽ പ്രദേശങ്ങളിൽ വെള്ളം കയറി. ഇവിടെക്കുടുങ്ങിയ പൂർണ ഗർഭിണിയും ഒരു മാസം പ്രായമുള്ള കുഞ്ഞും ഉൾപ്പെടെയുള്ളവരെ സംഘം രക്ഷിച്ചു ദുരിതാശ്വാസ ക്യാംപിലെത്തിച്ചു.

പല വീടുകളുടെയും മതിലുകൾ ശക്തമായ ഒഴുക്കിൽ തകർന്നു വീണ നിലയിലാണ്.

